"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കാണിച്ചാർ വില്ലേജാഫീസ് പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.8/2025/RD തീയതി,തിരുവനന്തപുരം, 02-01-2025

---

പരാമർശം:-
1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.12.2024 തീയതിയിലെ എൽആർ/10948/2023-എൽആർ(ജി7) നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കാണിച്ചാർ വില്ലേജാഫീസിന്റെ പുനർനിർമ്മാണം റീബിൽഡ് കേരള പദ്ധതി പ്രകാരം നടന്നു വന്നിരുന്ന 11/01/2022 മുതൽ 11/12/2023 വരെയുള്ള കാലയളവിൽ ശ്രീ.ജോണി നിരപ്പേൽ, നിരപ്പേൽ ഹൗസ്, കൊളക്കോട് പി.ഒ. എന്നവരുടെ ഉടമസ്ഥതയിലുള്ളതും കാണിച്ചാർ വില്ലേജിൽ റീസർവ്വെ 1012/11 നമ്പറിൽ ഉൾപ്പെട്ടതും കാണിച്ചാർ ഗ്രാമപഞ്ചായത്തിലെ XI/459B എന്ന നമ്പറിലുള്ളതുമായ കെട്ടിടത്തിൽ വില്ലേജാഫീസ് താൽക്കാലികമായി പ്രവർത്തിച്ചു വന്നിരുന്നു.

2] പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പെറ്റ് ഏരിയയായ 34.23 ച.മീ. ന് ആനുപാതികമായി 7,411/- രൂപയും കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 52.94 ച.മീ ന് ആനുപാതികമായി 11,462/- (Rate/m2=216.51/m2 നിരക്കിൽ) രൂപയുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളത്. വില്ലേജ് ജീവനക്കാർക്ക് ഉപയോഗിക്കുന്നതിന് പുറമെ പൊതുജന സൗഹൃദമെന്ന രീതിയിൽ ജനങ്ങൾക്ക് ഇടപഴകുന്നതിനുള്ള സൗകര്യവും ഉള്ള രീതിയിലാണ് വില്ലേജാഫീസുകൾ പ്രവർത്തിച്ചു വരുന്നത്. വില്ലേജ് ഓഫീസിലെ ജീവനക്കാർക്കുള്ള സൗകര്യത്തിന് പുറമെ വില്ലേജ് രേഖകൾ സൂക്ഷിക്കുന്നതിലേയ്ക്ക് റെക്കോർഡ് റൂം വില്ലേജ് തല ജനകീയ സമിതി, മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ്, മറ്റു വകുപ്പുകളിൽ നിന്നുള്ള വിവര ശേഖരണം എന്നിവയ്ക്ക് അധികമായി സ്ഥലം കണ്ടെത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയ ആയ 52.94 ച.മീ. പ്രസ്തുത വില്ലേജിന്റെ സുഗമമായ പ്രവർത്തനത്തിന് ഉപയോഗിച്ചു വന്നിരുന്നതായി ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, കാണിച്ചാർ വില്ലേജാഫീസ് പ്രവർത്തിച്ചു വന്നിരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയ്ക്കുള്ള വാടകയായ 11,462/- രൂപ 11/01/2022 മുതൽ 11/12/2023 വരെ നിർണ്ണയിച്ച്

നൽകണമെന്ന് റെന്റ് സർട്ടിഫിക്കറ്റും മറ്റ് അനുബന്ധ രേഖകളും സഹിതം, ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കാണിച്ചാർ വില്ലേജാഫീസ് 11/01/2022 മുതൽ 11/12/2023 വരെ പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന് ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 52.94 ച.മീ.ന് ആനുപാതികമായി 11,462/- രൂപ (പതിനൊന്നായിരത്തി നാനൂറ്റി അറുപത്തി രണ്ടു രൂപ മാത്രം) സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

പൊതുമരാമത്ത് വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Pushpavally B

Date: 03-01-2025 15:57:39

സെക്ഷൻ ഓഫീസർ